(ബി) പ്രസ്തുത ഒഴിവുകൾ എപ്പോൾ മുതൽ നിലവിലുണ്ടെന്നും അവ നികത്തുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും പറയാമോ ;

(സി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിലെ ഒഴിവുകൾ മാനദണ്ഡങ്ങൾക്ക് വിധേയമായി സ്ഥലം മാറ്റത്തിലൂടെയോ പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ നികത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചേലക്കര മണ്ഡലത്തിലെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഡോക്ടർമാർ, നഴ്സുമാർ, ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ., നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് തുടങ്ങിയ വിവിധ തസ്തികകളിലെ ഒഴിവുകളുടെ സ്ഥാപനം തിരിച്ചുള്ള വിവരവും പ്രസ്തുത ഒഴിവുകൾ നിലവിൽവന്ന തീയതിയും അനുബന്ധമായി ചേർക്കുന്നു.* അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർവ്വീസിലുള്ള ഡോക്ടർമാരിൽ പി.ജി. ബിരുദമുള്ളവരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനംവഴി ജൂനിയർ കൺസൾട്ടന്റുമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സിവിൽ സർജൻ തസ്തികയിലെ ഒഴിവ് പ്രൊമോഷൻ മുഖേന നികത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

ജെ.പി.എച്ച്.എൻ ഗ്രേഡ്-2 തസ്തികയിലെ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ജെ.പി.എച്ച്.എൻ. ഗ്രേഡ്-1 ലേക്ക് ഗ്രേഡ്-2 ൽനിന്ന് യഥാക്രമം പ്രൊമോഷൻ നല്കി ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

ഹോസ്പിറ്റൽ അറ്റൻഡന്റ് തസ്തികയിലെ ഒഴിവ് പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽനിന്നും പ്രൊമോഷൻ നല്കി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്റ്റാഫ് നഴ്സ്, ജെ.എച്ച്.ഐ. തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

## താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

**47 (2598)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ടായിട്ടും രാത്രി കാലങ്ങളിൽ ജോലി ചെയ്യുന്നതിന് ഡോക്ടർമാരെ നിയമിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) രാത്രി ഡ്യൂട്ടിക്ക് ഡോക്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) സ്ത്രീകളും കുട്ടികളും ഏറെ ആശ്രയിക്കുന്ന പ്രസ്തുത ഹെൽത്ത് സെന്ററിൽ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) താനൂർ സി.എച്ച്.സി.യിൽ അഞ്ച് അസിസ്റ്റന്റ് സർജന്മാരുടെ തസ്തിക മാത്രമാണ് നിലവിലുള്ളത്. കിടത്തി ചികിത്സ നടക്കുന്നുണ്ട്. കൂടാതെ രാത്രിയിൽ ഓൺകോൾ ഡ്യൂട്ടിയിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) താനൂർ സി.എച്ച്.സി.-യിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ തസ്തിക നിലവിലില്ല. താലൂക്കാശുപത്രിതലം മുതൽ മാത്രമാണ് കാഷ്വാലിറ്റി മെഡിക്കൽ ആഫീസറുടെ തസ്തിക അനുവദിച്ചിട്ടുള്ളത്.

(സി) താനൂർ സി.എച്ച്.സി.-യിൽ നിലവിൽ സ്പെഷ്യലിസ്റ്റ് തസ്തിക സൃഷ്ടിച്ചിട്ടില്ല. സർക്കാരിന്റെ ധനസ്ഥിതി തൃപ്തികരമല്ലാത്തതിനാൽ പ്രസ്തുത ആവശ്യം ഇപ്പോൾ പരിഗണിക്കാനാവില്ല.

## സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു നടപടി

**48 (2599)** ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പി.എച്ച്.സി. മുതൽ സർക്കാർ മെഡിക്കൽ കോളേജുകൾവരെ ആധുനിക സൗകര്യങ്ങളോടെയും വൃത്തിയായും സൂക്ഷിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പി.എച്ച്.സി., സി.എച്ച്.സി. തലങ്ങളിൽ ഓരോ വാർഡ് തലത്തിലും ആറ് മാസത്തിൽ ഒരിക്കൽ ആരോഗ്യ സെമിനാറുകൾ നടത്തുന്നതിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly